## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലാ നഗരസഭ – കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 5,90,94,000/- (അഞ്ച് കോടി തൊണ്ണൂറു ലക്ഷത്തി തൊണ്ണൂറ്റി നാലായിരം) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

### തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ (സാധാ)നം. 1561/13/തസ്വഭവ                    തിരുവനന്തപുരം, തീയതി: 15.06.2013.

================================================================

പരാമർശം:-1) സ.ഉ (എം.എസ്)നം.147/2009/തസ്വഭവ തീയതി 29.07.2009.

2) പാലാ നഗരസഭയുടെ 18.01.2013-ലെ 20-)ം നമ്പർ കൗൺസിൽ തീരുമാനം.

3) പാലാ നഗരസഭ സെക്രട്ടറിയുടെ 18.03.2013-ലെ PW1 -1455/08 നമ്പർ കത്ത്.

4) കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 19.03.2013-ലെ കെ.യു.ആർ.ഡി.എഫ്.സി/യു.എൽ.ബി/363/2013 നമ്പർ കത്ത്.

5) നഗരകാര്യ ഡയറക്ടറുടെ 10.04.2013-ലെ DC3-4213/2013 നമ്പർ കത്ത്.

### ഉത്തരവ്

പാലാ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിനായി 6,56,60,000/- (ആറ് കോടി അമ്പത്തിയാറ് ലക്ഷത്തി അറുപതിനായിരം) രൂപ കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശം (3) പ്രകാരം നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി 5,90,94,000/- (അഞ്ച് കോടി തൊണ്ണൂറു ലക്ഷത്തി തൊണ്ണൂറ്റി നാലായിരം) രൂപ അനുവദിച്ചുകൊണ്ടുള്ള സമ്മതപത്രം കെ.യു.ആർ.ഡി.എഫ്.സിയുടെ മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലാ നഗരസഭയുടെ കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിനായി കൊട്ടാരമറ്റം ബസ് സ്റ്റാന്റ് ഉൾക്കൊള്ളുന്ന സർവ്വെ നം. 742/7-ൽ ഉൾപ്പെട്ടതായ 73 ആർ 45 sq. mtr. സ്ഥലം ജാമ്യമായി നൽകിക്കൊണ്ട്, പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 12% പലിശ നിരക്കിൽ

(.....2)

5,90,94,000/- (അഞ്ച് കോടി തൊണ്ണൂറു ലക്ഷത്തി തൊണ്ണൂറ്റി നാലായിരം) രൂപ വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം പാലാ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പാലാ നഗരസഭ, കോട്ടയം.
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ